# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
2003 ആഗസ്റ്റ് 11-ാം തീയതി തിങ്കളാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -20)

901) അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള പദ്ധതികൾ
902) ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ കേന്ദ്രസഹായ പദ്ധതികൾ
903) കെൽട്രോൺ വികസിപ്പിച്ചെടുത്ത പുതിയ മോഡൽ റെയിൽവേ സിഗ്നലിംഗ് സിസ്റ്റം
904) വിമാന വാഹിനിക്കപ്പൽ നിർമ്മാണം
905) സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്ന കണ്ടീഷനില്ലാത്ത ബസ്സുകൾ സർവ്വീസ് നടത്തുന്നത് തടയാൻ നടപടി
906) ഗവൺമെന്റ് കോൺട്രിബ്യൂഷൻ നൽകുന്ന ക്ഷേമനിധികൾ
907) ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കാൻ നടപടി
908) ഐ.ടി. കോഴ്സുകളും സിലബസും പരിഷ്ക്കരിക്കാൻ നടപടി
909) വ്യവസായ വകുപ്പിന്റെ പദ്ധതികൾ
910) ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര നടപടി
911) സ്വയം വിരമിക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ
912) എൻ.സി.ഡി.സിയുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ
913) റെയിൽവേ ലൈൻ ഡബ്ളിംഗ് പൂർത്തീകരണം
914) കേന്ദ്ര തൊഴിൽ നയങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്ന നടപടി
915) പൊതുമേഖലാസ്ഥാപനങ്ങൾ
916) പ്രൈവറ്റ് ബസ് തൊഴിലാളികൾക്ക് ക്ഷേമനിധി
917) സംസ്ഥാന വനിതാകമ്മീഷന്റെ പ്രവർത്തനം
918) ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധി
919) കെ.എസ്.ആർ.ടി.സി ബസുകളിൽ ഓവർലോഡായി യാത്ര ചെയ്യുന്ന നടപടി
920) തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ നടപടി

### അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള പദ്ധതികൾ

*901. ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. മത്തായി ചാക്കോ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമത്തിനായുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) അവശതയനുഭവിക്കുന്ന അമ്മമാരുടേയും കുട്ടികളുടേയും ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(സി) മുൻവർഷം പദ്ധതിക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക പൂർണ്ണമായും ചെലവഴിക്കുകയുണ്ടായോ ; ഈ വർഷം മതിയായ തുക വകയിരുത്തിയിട്ടുണ്ടോ ;

(ഡി) കുഞ്ഞുങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള അംഗനവാടികളുടെ പ്രവർത്തനം നടത്തുന്നത് ആരോഗ്യകരമായ ചുറ്റുപാടുകളിലാണോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) അവശതയനുഭവിക്കുന്ന അമ്മമാരുടെയും കുട്ടികളുടെയും ക്ഷേമം ലക്ഷ്യമാക്കി താഴെപ്പറയുന്ന പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പുമുഖേന നടപ്പിലാക്കുന്നുണ്ട്.;

1. സംയോജിത ശിശു വികസന പദ്ധതി
2. പ്രധാനമന്ത്രിയുടെ ഗ്രാമോദയയോജന പദ്ധതിയുടെ കീഴിലുള്ള ഒരു കപ്പുപാലും ഷേക്ക്ഹാന്റും പദ്ധതി
3. ബാലികാ സമൃദ്ധി യോജന
4. സംയോജിത വനിതാ ശാക്തീകരണ പദ്ധതി
5. നാഷണൽ ന്യൂട്രീഷന മിഷൻ പദ്ധതി
6. മാനസിക വള%ൻച്ചറില്ലാത്ത കുട്ടികൾക്കുവേണ്ടിയുള്ള സഹായം
7. സ്ത്രീകൾക്കുവെണ്ടി 12 മഹിളാ മന്ദിരങ്ങൾ ഉൾപ്പെടെ വിവിധ ക്ഷേമസ്ഥാപനങ്ങൾ

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ വിവിധ ക്ഷേമ പദ്ധതികൾക്കായി 2002-03 വർഷത്തിൽ നൂറ്റിമുപ്പത്തിരണ്ടുകോടി പതിനേഴുലക്ഷംരൂപ ബഡ്ജറ്റിൽ വക കൊളളിക്കുകയും,

നൂറ്റിപതിനെട്ടുകോടി എഴുപത്തി ആറുരലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പുവർഷത്തിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി പ്ളാൻ ശീർഷകത്തിൽ അറുപത്തിഒന്നുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടുതൽ വേണ്ടിവരുന്നതുക ഉപധനാഭ്യർത്ഥന മുഖാന്തിരമോ അഡീഷണൽ ആതറൈസേഷൻ വഴിയോ കണ്ടെത്തുന്നതാണ്.

(ഡി)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരോഗ്യപരമായ ചുറ്റുപാടുകളിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ കേന്ദ്രസഹായ പദ്ധതികൾ

*902. ശ്രീ. സാജു പോൾ :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. വി.കെ.സി. മമ്മതുകോയ :
ശ്രീ. കെ.വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൽ നിന്നും ഇതിനകം എന്തു തുക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ;

(സി) സംസ്ഥാനം എത്ര പദ്ധതികളാണ് കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുള്ളത് ;

(ഡി) കേരളത്തിന് ഭക്ഷ്യ പാർക്ക് സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഭക്ഷ്യ സംസ്ക്കരണ പദ്ധതിക്ക് സംസ്ഥാനം മുൻവർഷവും ഈവർഷവും ബജറ്റിൽ വകയിരുത്തിയ തുകയെത്ര; ഇതിനകം എന്തു തുക ചെലവഴിക്കുകയുണ്ടായി ;

(എഫ്) ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലൈസൻസ് എടുക്കേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി) :**

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഭക്ഷ്യസംസ്ക്കരണമേഖലയിലെ വ്യവസായ സംരംഭകർക്ക് നവീന സാങ്കേതിക വിദ്യയും ധനസഹായവും എത്തിച്ചുകൊടുക്കുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ പ്രധാന ഉദ്ദേശം. ഭക്ഷ്യസംസ്ക്കരണ മേഖലയിലെ പദ്ധതികളുടെ സംസ്ഥാന നോഡൽ ഏജൻസിയായി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രെക്ചർ ഡവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കിൻഫ്രയുടെ കീഴിൽ മലപ്പുറത്ത് കാക്കഞ്ചേരിയിൽ ഒരു ഭക്ഷ്യസംസ്ക്കരണ പാർക്ക് പ്രവർത്തിച്ചുവരുന്നു. കൂടാതെ കിൻഫ്രയുടെ മഴുവന്നൂരിലും വയനാട്ടിലുമുള്ള ചെറുകിട വ്യവസായ പാർക്കുകളിൽ ഭക്ഷ്യസംസ്ക്കരണ വ്യവസായത്തിനു പ്രത്യേക അടിസ്ഥാന സൗകര്യവും വികസിപ്പിച്ചുവരുന്നു. ഭക്ഷ്യ-സംസ്ക്കരണ വ്യവസായ ഉൽപ്പന്നങ്ങളുടെ നിലവാരം പരിശോധിക്കാൻ ഒഅഇഇജ സർട്ടിഫിക്കറ്റിനുവേണ്ടി ഒരു നാഷണൽ സെന്ററും സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട്

(ബി)കേന്ദ്രഭക്ഷ്യസംസ്ക്കരണ മന്ത്രാലയത്തിൽനിന്നും കിൻഫ്രയുടെ വിവിധ പദ്ധതികൾക്കായി 524 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(സി) കിൻഫ്ര മുഖേന വിവിധ സംരംഭകരിൽ നിന്നും ലഭിച്ച 53 പദ്ധതികൾ ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കിൻഫ്രയുടെകീഴിൽ ഭക്ഷ്യസംസ്ക്കരണ പാർക്കുകൾ സ്താപിക്കുന്നതിനായുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്

(ഇ) 2002-2003 വർഷം 200 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക മുഴുവനും ചെലവഴിച്ചു. 2003-2004 സാമ്പത്തിക വർഷത്തിലേക്ക് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 60 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി അനുമതി നൽകിക്കഴിഞ്ഞു.

(എഫ്) ഉണ്ട്. ഭക്ഷ്യസ്ക്കരണ മേഖലയിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 1995 ലെ ജ്യൂല്ലിശേീ ളീ എീീറ അറൗഹലൃമശേീ അരേ മിറ ഞൗഹലെ ന് വിധേയമായി വ്യവസായങ്ങളുടെ വിവിധ തരം ലൈസൻസുകൾ എടുക്കേണ്ടതുണ്ട്.

## കെൽട്രോൺ വികസിപ്പിച്ചെടുത്ത പുതിയ മോഡൽ റെയിൽവേ സിഗ്നലിംഗ് സിസ്റ്റം

*903. ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എൻ.ഡി.അപ്പച്ചൻ :
ശ്രീ. ലൂഡിലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പുതിയ മോഡൽ റെയിൽവേ സിഗ്നലിംഗ് സിസ്റ്റത്തിന്റെ സാമ്പിൾ വികസിപ്പിക്കുവാൻ കെൽട്രോണിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇത് റെയിൽവേ അധികാരികൾ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉപകരണം വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യതയുണ്ടോ എന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) എൽ.ഇ.ഡി. (ഘല്ഌ) ഉപയോഗിച്ചുള്ള റെയിൽവേ സിഗ്നലിംഗ് ലാമ്പ് കെൽട്രോൺ ഇപ്പോൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) സാമ്പിൾ തയ്യാറാക്കി കഴിഞ്ഞാൽ 2003 സെപ്ത്ംപർ മാസത്തോടെ ഇത് റെയിൽവേ അധികാരികൾക്ക് കൈമാറും. അതിനുശേഷം ഞമശഹംമ്യ ടമേിറമൃറ മിറ ഉലശെഴി ഛൃഴമിശമെശേീ, ഘൗരസിീം (ഞഉടഛ) ആണ് പരിശോധിച്ച് അംഗീകാരം നൽകേണ്ടത്.

(സി) ഞഉടഛ - അംഗീകാരം ലഭിച്ചാൽ വ്യാവസായികാടിസംഥാനത്തിൽ ഉൽപ്പാദിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്.

## വിമാന വാഹിനിക്കപ്പൽ നിർമ്മാണം

*904. ശ്രീ. ജോർജ് ജെ. മാത്യൂ :

ശ്രീ. ടി.വി. ചന്ദ്രമോഹൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. എൻ. ശക്തൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കപ്പൽ നിർമ്മാണ കേന്ദ്രത്തിൽ വിമാന വാഹിനി കപ്പൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെ വിമാനവാഹിനി കപ്പൽ നിർമ്മിക്കുന്നപക്ഷം വൻപിച്ച തൊഴിൽ സാദ്ധ്യത ഉണ്ടാകുവാനിടയുണ്ടോ ;

(സി) എങ്കിൽ ആവശ്യമായ സാങ്കേതിക വിജ്ഞാനം കരസ്ഥമാക്കിയ തൊഴിലാളികളെ സജ്ജമാക്കുന്നതിലേക്കായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ;

(ഡി) ഇത്തരം കപ്പൽ സംസ്ഥാനത്ത് നിർമ്മിക്കുമ്പോൾ ചെറുകിട വ്യവസായങ്ങൾക്ക് ഉണ്ടായേക്കാവുന്ന സാദ്ധ്യത പരിഗണിച്ച് ആയതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിളള ( ഗതാഗതവകുപ്പുമന്ത്രി) :**

(എ) ഒരു എയർ ഡിഫൻസ് ഷിപ്പ് നിർമ്മിക്കുന്നതിനുളള ലെറ്റർ ഓഫ് ഇൻഡന്റ് ഇൻഡ്യൻ നേവിയിൽ നിന്നും കൊച്ചിൻ ഷിപ്പയാർഡിന് 14.6.99 ൽ ലഭിച്ചിട്ടുണ്ട. എന്നാൽ അന്തിമ തീരുമാനമോ ആവശ്യമായ ഫണ്ടൊ ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കപ്പലിന്റെ രൂപകൽപ്പന സംബന്ധിച്ച പഠനം പൂർത്തിയായതിനുശേഷം മാത്രമേ ഇക്കാര്യം വ്യക്തമാവുകയുള്ളു.

(സി) പ്രാഥമിക രൂപകൽപ്നയ്ക്കായി അതിവിദഗ്ദ്ധരായ 23 സാങ്കേതിക ആഫീസറൻമാരെ ഷിപ്പ് യാർഡ് നിയോഗിച്ചിട്ടുണ്ട്.

(ഡി) പദ്ധതി പ്രവർത്തികമാകുമെങ്കിൽ കുറച്ചുപേർക്ക് തൊഴിൽ സാദ്ധ്യതയുണ്ടാകുവാനിടയുണ്ട്. കപ്പലിന്റെരൂപകല്പ്പനയെക്കുറിച്ച് ഷിപ്പയാർഡ് നടത്തുന്ന പഠനം പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാകുകയുള്ളു.

## സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്ന കണ്ടീഷനില്ലാത്ത ബസ്സുകൾ സർവ്വീസ് നടത്തുന്നത് തടയാൻ നടപടി

*905. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിഷ്ക്കർഷിച്ചിരിക്കുന്ന കണ്ടീഷനല്ലാത്ത ബസ്സുകൾ പല റൂട്ടുകളിലും സർവ്വീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം വാഹനങ്ങൾ സർവ്വീസ് നടത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;

(സി) വാഹനങ്ങളുടെ എഞ്ചിൻ, ബോഡി എന്നിവയുടെ പരിശോധന കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള ( ഗതാഗതവകുപ്പുമന്ത്രി) :**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത് വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന അവസരത്തിൽ അവയുടെ എൻജിൻ, ബോഡി ഇവയുടെ കണ്ടീഷൻ കൂടി പരിശോധിച്ച് തൃപ്തിയാകുന്നു എങ്കിൽ മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയുള്ളും കൂടാതെ പൊതുവായി ചെക്കിംഗ് നടത്തുമ്പോൾ ഏതെങ്കിലും വാഹനങ്ങൾ നിരത്തിൽ ഓടിക്കാൻ യോഗ്യമല്ലെന്ന് തോന്നുന്നപക്ഷം അവയുടെ സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് ക്യാൻസൽ ചെയ്യുകയും, അവ റിപ്പയർ ചെയ്തുവീണ്ടും ഹാജരാക്കാൻ നിർദ്ദേശം നൽകുകുയും ചെയ്യുന്നുണ്ട്.

## ഗവൺമെന്റ് കോൺട്രിബ്യൂഷൻ നൽകുന്ന ക്ഷേമനിധികൾ

*505. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

ശ്രീ. ടി.വി. ചന്ദ്രമോഹൻ :

പ്രൊഫസർ എ.ഡി. മുസ്തഫ :

ശ്രീ. എ. സുജനപാൽ :

ശ്രീ. എൻ.ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തൊഴിലാളി ക്ഷേമനിധികളിലേക്കാണ് ഗവൺമെന്റ് കോൺട്രിബ്യൂഷൻ നൽകുന്നത് ;

(ബി) പ്രതിവർഷം എന്തു തുക ഈ ഇനത്തിൽ കൊടുക്കേണ്ടതായി വരുന്നുണ്ട് എന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ.ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി)**

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി, കൈത്തറി തൊഴിലാളി ക്ഷേമനിധി, ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം, തയ്യൽ തൊഴിലാളി ക്ഷേമനിധി, കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി, ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി, ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷെമനിധി, ഈറ്റ -കാട്ടുവള്ളി തഴപ്പാ തൊഴിലാളി ക്ഷേമനിധി എന്നീ ബോർഡ്ുകൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സർക്കാർ കോൺട്രിബ്യൂഷൻ നൽകുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

(ബി) തൊഴിലാളി ക്ഷേമനിധി ബോർഡുകൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിഹിതം എത്രയാണെന്ന് ബോർഡിന്റെ ആഡിറ്റ് ചെയ്ത കണക്ക് അനുസരിച്ചും സൻർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുമാണ് നിശ്ചയിക്കുന്നത് 2002-03 വർഷംഒരുകോടി എൺപത്തിരണ്ടുലക്ഷത്തിതൊണ്ണൂറ്റിഏഴായിരം രൂപ വിവിധ ക്ഷേമനിധി ബോർഡുകൾക്ക് ഗവണമെന്റ് കോൺട്രിബ്യൂഷനായി നൽകിയിട്ടുണ്ട്.

## ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കാൻ നടപടി

*907. ഡോക്ടർ തോമസ് ഐസക് :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. വി.കെ.സി. മമ്മതുകോയ :

ശ്രീ. എ.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു സുരക്ഷാ കൗൺസിൽ യോഗം വിളിച്ചുചേർക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; ആയതിന്റെ ഏറ്റവും അവസാനമായി യോഗം ചേർന്നത് എപ്പോഴായിരുന്നു ;

(ബി) റോഡ് സുരക്ഷാ കൗൺസിൽ കൈക്കൊണ്ട ഏതെല്ലാം തീരുമാനമാണ് ഇനിയും നടപ്പിൽ വരുത്തേണ്ടതായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ബസ്സുകളുടെ അമിതവേഗത നിയന്ത്രിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങളെക്കുറിച്ച് സുരക്ഷാ കൗൺസിൽ വിളിച്ചു ചേർത്ത് അടിയന്തിരമായി ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള ( ഗതാഗതവകുപ്പുമന്ത്രി) :**

(എ) ഉണ്ട്. 7-2-2003 അങണ് കൗൺസിൽ അവസാനമായി യോഗം ചേർന്നത്.

(ബി) റോഡ് സുരക്ഷാകൗൺസിൽ കൈക്കൊണ്ട ഒട്ടുമിക്കതീരുമാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ശേഷിച്ചവ നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടികളെടുത്തുവരുന്നുണ്ട്.

(സി) ബസ്സുകളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് ബസ്സുകളിൽ 1-09-2003 മുതൽ സ്പീഡ് ഗവേർണർ ഘടിപ്പിയ്ക്കണമെന്ന് നിഷ്ക്കർഷിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

**ഐ.ടി. കോഴ്സുകളും സിലബസും പരിഷ്ക്കരിക്കാൻ നടപടി**

908. ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നടത്തുന്ന കോഴ്സുകളും അവയുടെ സിലബസ്സുകളും പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇതിനെക്കുറിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് സംസ്ഥാനസർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്താതെ കൂടുതൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിനായി ഐ.ടി.ഐ കളിൽ അപ്രചാരമായതും തൊഴിൽ സാധ്യത കുറഞ്ഞതുമായ ട്രേഡുകളുടെ ഏതാനും യൂണിറ്റുകൾ കുറവ് ചെയ്ത് പകരം തൊഴിൽ സാധ്യതകൂടിയ ട്രേഡുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത് സംബന്ധമായി റീവാംബിംഗ് ഓഫ് വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സ് എന്ന സ്കീം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്താനത്തിൽ ഈ അധ്യായന വർഷം സംസ്താനത്തെ 9 ഐ.ടി.ഐ കളിലെ വിവിധ ട്രേഡുകളിലായി 15 യൂണിറ്റുകൾ കുറവ് ചെയ്ത് പകരം പുതിയ ട്രേഡുകളും ഹ്രസ്വകാല കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ ഡി.ജി. ഇ.റ്റി 36 പുതിയ ട്രേഡുകൾ ആവിഷ്ക്കരിക്കുന്നതിൽ സംസ്ഥാനത്തിന് അനുയോജ്യമായ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) ഡി.ജി.ഇ.റ്റി. ആവിഷ്ക്കരിച്ചിരിക്കുന്ന 36 ട്രേഡുകളിൽ സംസ്ഥാനത്തെ ഏതൊക്കെ ഐ.ടി.ഐകളിൽ ഏതൊക്കെ ട്രേഡുകൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് ശുപാർശ ചെയ്യാൻ തൊഴിൽവകുപ്പ് സെക്രട്ടറിചെയർമാനും വിവിധ വിദഗ്ദ്ധരും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും ആയത് കമ്മിറ്റി പരിശോധിച്ചുവരികയും ചെയ്യുന്നു. കൂടാതെ രാജ്യത്ത് നിലവിലുള്ള ട്രെയിനിംഗ് പ്രോഗ്രാം പരിശോധിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ബഹു കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ഒരു എക്സ്പേർട്ട് ഗ്രൂപ്പ് രൂപികരിച്ച് പ്രവർത്തനം പുരോഗമിച്ചുവരുന്നു. അടുത്ത 5 വർഷം മുതൽ 10 വർഷം വരെ വർഷത്തിനകത്ത് ആവശ്യമായിവരാവുന്നതൊഴിലവസരങ്ങളെകുറിച്ച് രാജ്യത്തിനകത്തും പുറത്തും (ഏറിയാവൈസ്, ഇൻസണ്ടിവൈസ്) സർവെ നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതിനായി നോയഡായിലെ എഡ്യൂക്കേഷണൽ കൺസൾട്ടന്റ് ഇന്ത്യ ലിമിറ്റഡ് എന്ന ഏജൻസിയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് പരിശോധിച്ചുവരുന്നു.

(എഫ്) ചോദ്യമുദിക്കുന്നില്ല.

(ജി) ചോദ്യമുദിക്കുന്നില്ല.

**വ്യവസായ വകുപ്പിന്റെ പദ്ധതികൾ**

909. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏതൊക്കെ നിർത്തലാക്കിയെന്നും പുതുതായി ഏതൊക്കെ ആരംഭിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) വ്യവസായ വകുപ്പ് നടത്തിയിരുന്ന ഏതൊക്കെ പദ്ധതികളും പരിപാടികളുമാണ് മറ്റ് ഏജൻസികൾക്ക് നൽകിയതെന്നും ഏതൊക്കെ പദ്ധതികളും പ്രവർത്തനങ്ങളും ഏതൊക്കെ ഏജൻസികളെ ഏൽപ്പിച്ചുവന്നെും വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്ന പദ്ധതികൾ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നതിന്റെ കാരണം എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) 2001-2002 സാമ്പത്തികവർഷത്തിൽ വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം നീക്കിവച്ചിരുന്ന പദ്ധതികൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയി പദ്ധതികളും പുതുതായി ആരംഭിച്ച പദ്ധതികളും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

(സി) അടിസ്ഥാനസൗകര്യ വികസനം, വ്യവസായ ആവശ്യങ്ങൾക്കുള്ള സ്ഥലമെടുക്കൽ എന്നിവ വ്യവസായ വാണിജ്യവകുപ്പ് നടപ്പിലാക്കിയിരുന്ന പദ്ധതിയായിരുന്നു. ഇപ്പോൾ ആ പദ്ധതി കിൻഫ്രാപോലുള്ള സ്ഥാപനങ്ങളും ചെയ്യുന്നു. പുതുതായി ആരംഭിച്ച കാർഷികാധിഷ്ഠിത ഭക്ഷ്യസംസ്ക്കരണ വ്യവസായങ്ങൾ കിൻഫ്ര, കെ-ബിപ് മുഖേനയും ജൈവസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ കിൻഫ്ര വഴിയുമാണ് നടപ്പിലാക്കുന്നത്. മറ്റ് ചില പദ്ധതികളായ ഇൻഡസ്ട്രി ഇൻകുബേറ്റേഴ്സ് കരകൗശലമേഖലയെപ്പറ്റിയുള്ള പഠനം മുള അധിഷ്ടിത വ്യവസായങ്ങളുടെ വികസനം, കരകൗശലമേഖലയിൽ മേഖലാ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ (അർബൻ ഹാത്ത) എന്നിവ മറ്റുപല ഏജൻസികൾ മുഖാന്തിരമോ അവരുടെ സഹായത്തോടുകൂടിയോ നടപ്പിലാക്കുന്നുണ്ടെങ്കിലും അവ വ്യവസായ വാണിജ്യ വകുപ്പിൽ നിന്നും മാറ്റിയിട്ടില്ല.

(ഡി) കേരളത്തിൽ വളരെ സാധ്യതയുള്ളതും മുൻഗണനാ വ്യവസായങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ഭക്ഷ്യസംസ്ക്കരണം,ജൈവസാങ്കേതിക വിദ്യ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളക്ക് കൂടുതൽ ശ്രദ്ധയും ഊന്നലും നൽകുന്നതിനും കേന്ദ്രസർക്കാരിൽനിന്നും ഈ വ്യവസായങ്ങൾക്ക് ലഭ്യമായ സഹായങ്ങൾ നേടിയെടുക്കുന്നതിനുംവെണ്ടിയാണ് ഇവ പ്രത്യേക നോഡൽ ഏജൻസി വഴി നടപ്പിലാക്കിവരുന്നത്.

## ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള കേന്ദ്ര നടപടി

910. ശ്രീ. കെ. കെ. ജയചന്ദ്രൻ
ശ്രീ എം.വി. ജയരാജൻ
ശ്രീ ടി.കെ. ദേവകുമാർ
ശ്രീ കെ. രാധാകൃഷ്ണൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സഹകരണ ബാങ്കുകളെ റിസർവ് ബാങ്കിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ കേന്ദ്രമന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) നിലവിലുള്ള വായ്പാ സംഘങ്ങളിൻമേൽ ഇനിയും നിയന്ത്രണങ്ങൾ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ ക്രഡിറ്റ് സഹകരണ സംഘങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്കിന്റെ എന്തെല്ലാം നിയന്ത്രണങ്ങളാണിപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ ഇപ്പോൾ തന്നെ റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിലുള്ളവയാണ്. കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ബാങ്കിംഗ് നിയന്ത്രണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ മന്ത്രാലയം നടപടി സ്വീകരിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ക്രഡിറ്റ് സഹകരണ സംഘങ്ങളുടെ കാര്യത്തിൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ ഇല്ല.

## സ്വയം വിരമിക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ

911. ശ്രീ. പി. എസ്. സുപാൽ
ശ്രീ കെ.പി രാജേന്ദ്രൻ
ശ്രീ മാങ്കോട് രാധാകൃഷ്ണൻ
ശ്രീ എം. കുമാരൻ
ശ്രീ എൻ. രാജൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊതുമേഖലാ വ്യവസായ സംഥാപനങ്ങളിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും സ്വയം വിരമിക്കൽ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് എന്നാണ് സർക്കാർ പുറപ്പെടുവിച്ചതെന്ന് അറിയിക്കുമോ; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) സ്വയം പിരിഞ്ഞുപോകുന്ന തൊഴിലാളികൾക്കും ജീവനക്കാർക്കും പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്വയം പിരിഞ്ഞുപോകുന്ന തൊഴിലാളികൾ മറ്റൊരു പൊതുമേഖല വ്യവസായ സ്ഥാപനത്തിലും തൊഴിലെടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടൊ; പ്രസ്തുത വ്യുസ്ഥ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വയം വരമിക്കൽ സാമൂഹ്യക്ഷേമ പദ്ധതി ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദെശിക്കുന്നുണ്ടൊ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ആർ. സി. ചൗധരി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണോ സ്വയം വരിമിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) ഇതിനകം ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവുംവകുപ്പുമന്ത്രി) :**

(എ) ഉണ്ട്. 24.6.2003 ൽ ആണ് ഉത്തരവ് പുറപ്പെടുവിച്ചത്. ഉത്തരവിന്റെ കോപ്പി അനുബന്ധം ഒന്നിൽ

(ബി) വിശദവിവരം അനുബന്ധം രണ്ടിൽ

(സി) ഉ്ണ്ട. സാമൂഹ്യസുരക്ഷാപദ്ധതി പ്രകാരം എക്സ്ഗ്രേഷ്യ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും പിരിഞ്ഞുപോകുന്ന ജീവനക്കാരന് ലഭ്യമാക്കുന്നതിലാണ് ഈ നിബന്ധന

(ഡി) ഉണ്ട്.

(ഇ) അതേ

(എഫ്) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീംഗ് മിൽസ്, കെൽട്രോൺകൗണ്ടേഴ്സ്, ആസ്ട്രാൽ വാച്ചസ്, സീതാറാം ടെക്സ്റ്റൈൽസ്, ആട്ടോകാസ്റ്റ്, കേരള ഗാർമെന്റ്സ്, ടെൽക്ക്, യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ്, കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയെഴ്സ് എന്നിവയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

## <u>എൻ.സി.ഡി.സിയുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ</u>

912. ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ കോടിയേരി ബാലകൃഷ്ണൻ
ശ്രീ കെ.വി. കുഞ്ഞിരാമൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുതിയ സേവന മേഖലകളിൽക്ക് വിപുലീകരിക്കാനായി എൻ.സി.ഡി.സി യുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ വല്ലതും ആവിഷ്ക്കരിച്ചിട്ടുണ്ടൊ;

(ബി) എങ്കിലതു സംബന്ധിച്ച് വിശദമാക്കുമോ;

(സി) എൻ.സി.ഡി.സി. അതിന്റെ വായ്പാ പദധതികൾ ഏതെല്ലാമേഖലകളിലേക്ക് വിപുലീകരിക്കുകയുണ്ടായിട്ടുണ്ട്;

(ഡി) മുൻവർഷം സഹകരണ മേഖലയിൽ എൻ.സി.ഡി.സി എന്തു തുകയുടെ വായ്പ ലഭ്യമാക്കുകയുണ്ടായി;

(ഇ) ഈ വർഷം എത്ര കോടി രൂപയുടെ പദ്ധതികൾ സർക്കാർ സമർപ്പിച്ചിട്ടുണ്ട്;

(എഫ്) ഇതിൽ പുതിയ സേവന മേഖലാ സംരംഭങ്ങൾ എന്തൊക്കെയാണ് ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) ഇപ്പോൾ ആവിഷ്ക്കരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) സേവന മേഖലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് എൻ.സി. ഡി.സി ഉദ്ദെശിക്കുന്നുണ്ട്. ഇതിനായി എൻ.സി.ഡി.സി ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിഞ്ജാപനം പ്രതീക്ഷിക്കുന്നു.

(ഡി) മുൻവർഷം എൻ.സി.ഡി.സിയിൽ നിന്നും സഹകരണ വകുപ്പുമുഖേന ലഭിച്ച വായ്പ 39.75 കോടി രൂപ യാണ്.

(ഇ) ഈ വർഷം ആകെ 103.96 കോടി രൂപയുടെ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ഇതിൽ പുതിയ സേവന മേഖലാ സംരംഭങ്ങൾക്കുള്ള വായ്പകളൊന്നും ഉൾപ്പെടുന്നില്ല.

**റെയിൽവേ ലൈൻ ഡബ്ളിംഗ് പൂർത്തീകരണം**

913. ഡോ. എ. നീലലോഹിതദാസൻ പാടാർ
ശ്രീ. സി.കെ. നാണു
ശ്രീ കെ.പി. മോഹനൻ
ശ്രീ എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ റെയിൽവെ വികസനത്തിന്റെ ഭാഗമായി ലൈൻ ഡബ്ളിംഗ് പൂർത്തിയാകാത്തത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;
(ബി) ഡബ്ളിംഗ് പൂർത്തിയാകാത്ത സ്ഥലങ്ങളിൽ പണി ഉടൻ പൂർത്തീകരിക്കുന്നതിനുവേണ്ടി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ നിവേദനം നൽകിയിട്ടുണ്ടോ;
(സി) ആയതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ വകുപ്പ് എന്തെങ്കിലും മേൽനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിളള (ഗതാഗത വകുപ്പുമന്ത്രി)**

(എ) കോഴിക്കോട്-മംഗലാപുരം, കുറ്റിപ്പുറം-ഷൊർണ്ണൂർ-കോഴിക്കോട്, എറണാകുളം-കായംകുളം(കോട്ടയം വഴിയും ആലപ്പുഴ വഴിയും) ഷൊർണ്ണൂർ-നിലമ്പൂർ എന്നിവിടങ്ങളിലാണ്.
(ബി) ഉണ്ട്.
(സി) കായംകുളം മുതൽ തിരുവനന്തപുരം വരെയും 221 കി.മി ദൈർഘ്യമുള്ള കോഴിക്കോട് -മംഗലാപുരം ബാക്കി ഭാഗത്തിന്റെയും കുറ്റിപ്പുറം-കോഴിക്കോട്, എറണാകുളം ജംഗ്ഷൻ-എറണാകുളം മാർഷലിംഗ് യാർഡ് എന്നിവിടങ്ങളിലെയും പണികൾ നടന്നുവരുന്നു.

**കേന്ദ്ര തൊഴിൽ നയങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്ന നടപടി**

914. ശ്രീ.ടി.പി. രാമകൃഷ്ണൻ
ശ്രീ കെ. കെ. ജയചന്ദ്രൻ
ശ്രീ കെ. രാധാകൃഷ്ണൻ
ശ്രീ കെ.പി. സതീശ്ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ കേന്ദ്ര തൊഴിൽ നയങ്ങൾക്കനുസൃതമായി പൂർണ്ണമായും മാറ്റാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തൊഴിലാളി സംഘടനകൾ ഏറെക്കാലം സമരത്തിലൂടെ നേടി എടുത്ത അവകാശങ്ങളെല്ലാം ഇല്ലാതാക്കുന്നതാണ് കേന്ദ്ര നയം എന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;
(സി) നിക്ഷേപകർക്ക് കൂടുതൽ ആനുകൂല്യങ്ങളും സൗജന്യങ്ങളും നൽകുന്ന സർക്കാർ തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോട് അനുഭാവപൂർവ്വമല്ലാത്ത സമീപനം സ്വീകരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;
(ഡി) ഭരണ നവീകരണത്തിനായുള്ള സമീപന രേഖയിൽ ട്രേഡ് യൂണിയനുകൾ തൊഴിൽ മേഖലയിൽ സൃഷ്ടിക്കുന്നതായി പറഞ്ഞ തടസ്സങ്ങൾ എന്തൊക്കെയാണ്;
(ഇ) തൊഴിലാളി വിരുദ്ധമായ സമ്മർദ്ദങ്ങൾക്ക് കീഴ്പ്പെടാതിരിക്കാൻ സർക്കാർ തയ്യാറാവുമോയെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽവകുപ്പുമന്ത്രി)**

(എ) കേന്ദ്ര തൊഴിൽ നയങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ തൊഴിൽ നിയമങ്ങൾ പൂർണ്ണമായും മാറ്റുവാൻ ഉദ്ദേശിക്കുന്നില്ല. സംസ്ഥാന സർക്കാർ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള കരടു തൊഴിൽ നയത്തിൽ പറയുന്ന കാര്യങ്ങൾക്കനുസൃതമായി നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.
(ബി) രണ്ടാംദേശീയ തൊഴിൽകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകളല്ലാതെ കേന്ദ്ര സർക്കാരിൽ നിന്നും നിന്നും തൊഴില നയത്തെ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ ലഭിച്ചിട്ടില്ല.
(സി) തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളോട് അനുഭാവപൂർവ്വമല്ലാത്ത സമീപനം സംസ്ഥാന സർക്കാർ സ്വീകരിക്കാറില്ല.
(ഡി) ട്രേഡ് യൂണിയനുകൾ എന്തെങ്കിലും തടസ്സങ്ങൾ സൃഷ്ടിക്കുന്നതായി സമീപന രേഖയിൽ പറഞ്ഞിട്ടില്ല.
(ഇ) തൊഴിലാളി വിരുദ്ധമായ സമ്മർദ്ദങ്ങൾക്ക് സർക്കാർ കീഴ്പ്പെടുന്ന പ്രശ്നം ഉദിക്കുന്നില്ല.

## പൊതുമേഖലാസ്ഥാപനങ്ങൾ

915 ശ്രീ. രാജു എബ്രഹാം :
ശ്രീ. കൊടിയേരി ബാലകൃഷ്ണൻ :
ശ്രീ. ടി.കെ.ബാലൻ :
ശ്രീ. ടി.കെ.ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളിലെ ജീവനക്കാരേയും തൊഴിലാളികളേയും സ്വയം വിരമിക്കൽ പദ്ധതിയിലൂടെ പിരിച്ചുവിടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധമായ ഗവണ്മെന്റ് തീരുമാനം വിശദമാക്കുമോ ;

(സി) സ്വയം വിരമിക്കൽ പദ്ധതി ഏതെല്ലാം മേഖലയിലാണിപ്പോൾ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പദ്ധതി ആവിഷ്കരിച്ചത് ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ റിപ്പോർട്ടിനെ സംബന്ധിച്ച യു.ഡി.എഫ്. ഉപസമിതിയുടെ ശുപാർശയെന്തായിരുന്നു ;

(എഫ്) എത്ര ജീവനക്കാരെയും തൊഴിലാളികളേയും ഈ പദ്ധതിയിലൂടെ ഈ വർഷം പിരിച്ചുവിടാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) & (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ അധിക ജീവനക്കാരുള്ളതായി കണ്ടെത്തിയാൽ അവരെ ഒരു സാമൂഹ്യ സുരക്ഷാപദ്ധതിയിൻ കീഴിൽ സ്വയം വിരമിക്കൽ പദ്ധതിയിൽ കൊമ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) അടച്ചു പൂട്ടാനുദ്ദേശിക്കുന്നതും അധിക ജീവനക്കാരുള്ളതുമായ പൊതുമേഖലാസ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.

(ഡി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ.

(ഇ) ഇതു സംബന്ധിച്ച് ഔപചാരികമായ ശുപാർശകൾ യു.ഡി.എഫ്. ഉപസമിതിയിൽ നിന്ന് സർക്കാരിന് ലഭിച്ചിട്ടില്ല.

(എഫ്) ഇ.ആർ.സി. സമർപ്പിച്ച പുനരുദ്ധാരണ നിർദ്ദേശങ്ങളുടെ ഭാഗമായി ചില യൂണിറ്റുകൾ മുഴുവൻ ജീവനക്കാരെയും മറ്റു ചില യൂണിറ്റുകളിൽ അധികമുള്ള ജീവനക്കാരെയും സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

## പ്രൈവറ്റ് ബസ് തൊഴിലാളികൾക്ക് ക്ഷേമനിധി

916.ശ്രീ. പി.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര പ്രൈവറ്റ് ബസ്സുകളാണ് സർവീസ് നടത്തുന്നതെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും എത്ര പേർക്ക് ക്ഷേമനിധി രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പുതുതായി ബസ് പെർമിറ്റ് നൽകുന്നതിനും പെർമിറ്റ് പുതുക്കി നൽകുന്നതിനും തൊഴിലാളി ക്ഷേമനിധി രജിസ്ട്രേഷൻ വേണമെന്ന നിബന്ധന നിലവിവലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇപ്രകാരമൊരു നിബന്ധന പ്രാവർത്തികമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ) :**

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ രേഖകൾ പ്രകാരം 26197 പ്രൈവറ്റ് ബസുകളുണ്ട്. ഇതിൽ 11616 എണ്ണം ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ വന്നിട്ടുണ്ട്. 14581 ബസുകൾ ഈ പദ്ധതിയിൽ വരാനുണ്ട്.

(ബി) ഇതിൽ 57171 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. 46958 പേർക്ക് ക്ഷേമനിധി അംഗങ്ങളായി രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ നിർദ്ദേശം പരിശോധിക്കുന്നതാണ്.

## സംസ്ഥാന വനിതാകമ്മീഷന്റെ പ്രവർത്തനം

917.ശ്രീ. പി.സി.ജോർജ്ജ് :
ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ.എം.വി.ഗോവിന്ദൻമാസ്റ്റർ :
ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാകമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ സ്ത്രീകളുടെ ക്ഷേമത്തിനായി എത്രത്തോളം പ്രയോജനപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; കമ്മീഷൻ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് എത്ര സന്ദർശനങ്ങൾ ഇപ്പോഴത്തെ വനിതാകമ്മീഷൻ നടത്തിയിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി ;

(സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) വനിതാ കമ്മീഷന് ഇതിനകം ലഭിച്ച മൊത്തം പരാതികൾ എത്ര ; പരാതികളിൽ ഇനിയും തീർപ്പാക്കുവാനായി അവശേഷിക്കുന്നവ എത്ര എന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) പരിശോധിച്ചിട്ടുണ്ട്. കമ്മീഷൻ പുനഃസംഘടിപ്പിക്കാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി) വിവിധ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പ്രധാനമായും പത്തോലം സന്ദർശനങ്ങൾ വനിതാകമ്മീഷൻ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട 2 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

(സി) കേരള വനിതാ കമ്മീഷൻ ആക്ട് സെക്ഷൻ 16(2) പ്രകാരം സമർപ്പിച്ച ശുപാർശകൾ നിയമസഭ മുൻപാകെ അടുത്ത സമ്മേളനത്തിൽ സമർപ്പിക്കുവാൻ അയച്ചു കൊടുക്കുകയും ശുപാർശകളുടെ പകർപ്പ് അനന്തര നടപടികൾക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) 1996 ൽ കേരള വനിതാ കമ്മീഷൻ പ്രവർത്തനം തുടങ്ങിയതു മുതൽ 2003 ജൂലൈ 31 വരെ 48375 പരാതികൾ കമ്മീഷനിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 4253 കേസുകൾ ഇനി തീർപ്പാക്കാനുണ്ട്.

## ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധി

918 ശ്രീ. കെ.പി.സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2 ലക്ഷത്തിലധികം തൊഴിലാളികൾ ജോലി ചെയ്യുന്ന സംസ്ഥാനത്തെ ബീഡി വ്യവസായം നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ബീഡി ഉൽപാദന മേഖലയിൽ ഉണ്ടായിരിക്കുന്ന ഗണ്യമായ കുറവിനാധാരമായ പ്രശ്നങ്ങൾ എന്തൊക്കെയാണ് ;

(സി) പുകവലി നിരോധനം ഏർപ്പെടുത്തുമ്പോൾ ആ മേഖലയിൽ ജോലി നോക്കിയവരെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ബീഡി ഇലകളുടേയും ബീഡിയുടേയും ഇറക്കുമതി സംസ്ഥാനത്തെ ബീഡി വ്യവസായത്തെ കൂടുതൽ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) ഉണ്ട്.

(ബി) 1. പൊതുജനാരോഗ്യം കണക്കിലെടുത്തുകൊണ്ടുള്ള പുകവലിക്കെതിരായുള്ള പ്രചരണം.

2. പുകവലിക്കെതിരായുള്ള കോടതി ഉത്തരവ്.

3. പുതിയ തലമുറയിലെ പുകവലി ശീലത്തിന്റെ കുറവ് എന്നിവയാണ് പ്രധാന കാരണങ്ങൾ .

(സി) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിനും വിവിധ പദ്ധതികൾ വ്യവസായ വകുപ്പിനുണ്ട്. പ്രസ്തുത പദ്ധതികളുടെ സാധ്യതകൾ ബീഡി നിർമ്മാണ മേഖലയിൽ ജോലി നോക്കിയിരുന്നവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) ബീഡി ഇല മദ്ധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഒറീസ്സ, എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ബീഡി ഇല കേരളത്തിൽ എത്തിക്കുന്നതിന് ഗണ്യമായ ട്രൻസ്പോർട്ട് ചാർജ്ജ് കൊടുക്കുന്നതിനാൽ ഉൽപാദനച്ചെലവ് കൂടുകയാണ് ചെയ്യുന്നത്. മറ്റു രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നില്ല.

## കെ.എസ്.ആർ.ടി.സി ബസുകളിൽ ഓവർലോഡായി യാത്ര ചെയ്യുന്ന നടപടി

919. ശ്രീ. എം.എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി ബസുകളിൽ ഓവർലോഡായി യാത്രക്കാരെ കുത്തി നിറച്ച് യാത്രചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കളക്ഷൻ കൂട്ടുന്നതിനുവേണ്ടി ബസ്സുകളിൽ പരമാവധി ആളുകളെ കയറ്റുന്നതിന് എന്തെങ്കിലും നിർദ്ദേശം സർക്കാരിൽനിന്നോ കെ.എസ്.ആർ.ടി.സിയിൽനിന്നോ നൽകിയിട്ടുണ്ടോ ;

(സി) ബസ്സുകളിൽ ഓവർ ലോഡ് കയറ്റി അപകടം ഉണ്ടാകുന്ന സ്ഥിതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ.ആർ.ബാലകൃഷ്ണപ്പിള്ള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ) തിരക്കേറിയ സമയങ്ങളിൽ അനുവദനീയമായ പാസഞ്ചർ കപ്പാസിറ്റിക്ക് അധികമായി യാത്രക്കാർ കയറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി പരമാവധി ആളുകളെ കയറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർടി.സി. ബസ്സുകളിൽ അപകടകരമായ രീതിയിൽ ഓവർലോഡ് കയറ്റാൻ ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

## തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേക്ക് കൂടുതൽ പേരെ ആകർഷിക്കാൻ നടപടി

920 ശ്രീ. കെ.മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ തയ്യൽ/തുന്നൽ അനുബന്ധ മേഖലകളിൽ എത്ര പേർ പണിയെടുക്കുന്നുവെന്നറിയിക്കുമോ ;

(ബി) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളാണെന്ന് അറിയിക്കുമോ;

(സി) ഈ മേഖലയിലെ ബഹു ഭൂരിപക്ഷം തൊഴിലാളികളും ക്ഷേമനിധി അംഗത്വത്തിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ കാരണമെന്തെന്ന് വിശദീകരിക്കുമോ ;

(ഡി) കൂടുതൽ തൊഴിലാളികളെ ക്ഷേമനിധിയിലേക്ക് ആകർഷിക്കാൻ പുതിയ ക്ഷേമ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) തയ്യൽ/തുന്നൽ മേഖലകളിലെ തൊഴിലാളികൾക്ക് പലിശരഹിതവായ്പയും ഭവനനിർമ്മാണ വായ്പയും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി ) :**

(എ) തയ്യൽ/തുന്നൽ അനുബന്ധ മേഖലകളിൽ സംസ്ഥാനത്തൊട്ടാകെ ഏകദേശം നാലര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.

(ബി) ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ 2,52,800 പേർ അംഗങ്ങളായിട്ടുണ്ട്.

(സി) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് ഓഫീസുകൾ നിലവിലില്ലാത്ത ജില്ലകളിലെ തയ്യൽ തൊഴിലാളികൾക്ക് അന്യ ജില്ലയിലെ ഓഫീസിലെത്തി അംശാദായമടക്കുന്നതിനായി വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാലാണ് ഇവർ ക്ഷേമനിധി അംഗത്വം നേടുന്നതിൽനിന്നും ഒഴിഞ്ഞു നിൽക്കാൻ നിർബന്ധിതരാകുന്നത് എന്നു വേണം കരുതാൻ.

(ഡി) കുടുംബപെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര സഹായം, റിട്ടയർമെന്റ് പെൻഷൻ/ബെനിഫിറ്റ്, വിവാഹ ആനുകൂല്യം, പ്രസവാനുകൂല്യം, സ്കോളർഷിപ്പ് /ക്യാഷ് അവാർഡ് (അംഗങ്ങളുടെ മക്കൾക്ക്)തുടങ്ങിയവയാണ് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ.

(ഇ) ക്ഷേമനിധിയിലെ അംഗങ്ങൾക്ക് മാരകമായ രോഗങ്ങൾ വരുമ്പോൾ ചികിത്സക്ക് വേണ്ടിയുള്ള ഒരു ധനസഹായ പദ്ധതി പരിശോധിച്ചുവരുന്നു.

(എഫ്) ഇതു സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും ഇപ്പോൾ നിലവിലില്ല.